# CLASS NOTES-ANSWERS

## പഠനപ്രവർത്തനങ്ങൾ

1) അർത്ഥം എഴുതുക

a) സൂത്രം - ഉപായം

b) അവശേഷിച്ചു - മിച്ചംവന്നു

c) ചങ്ങാതി - കൂട്ടുകാരൻ

d) ശകാരിച്ചു - വഴക്ക് പറഞ്ഞു

2) വിപരീതം എഴുതുക

a) ശ്രദ്ധ x അശ്രദ്ധ

b) സന്തോഷം x സങ്കടം

3) പര്യായമെഴുതുക

a) ഭർത്താവ് - കാന്തൻ, പതി

b) കുറുക്കൻ - നരി, സൃഗാലൻ

c) ചങ്ങാതി - മിത്രം, കൂട്ടുകാരൻ

4) പിരിച്ചെഴുതുക

a) പെണ്ണാട് - പെണ്ണ് + ആട്

b) എന്നോടൊപ്പം - എന്നോട്+ ഒപ്പം

c) ആരുമില്ല - ആരും +ഇല്ല

d) കാലൊച്ച - കാല് + ഒച്ച

e) ശ്രമമാണ് - ശ്രമം + ആണ്

f) നീയല്ലാതെ - നീ + അല്ലാതെ

5) ചേർത്തെഴുതുക

a) കണ്ണ് + അടച്ച് - കണ്ണടച്ച്

b) ചത്തത് + അല്ല - ചത്തതല്ല

c) അടുത്ത് + എത്തി - അടുത്തെത്തി

d) വിരുന്ന് + ഒരുക്കാം - വിരുന്നൊരുക്കാം

THE GARDEN SCHOOL ... Kal P.O., Kanjirappally 686

6) വിഗ്രഹിക്കുക

a) വേട്ടപ്പട്ടി - വേട്ടയാടുന്ന പട്ടി

b) കാലൊച്ച - കാലിന്റെ ഒച്ച

c) കാട്ടാട് - കാട്ടിലെ ആട്

## ഉത്തരമെഴുതുക

1) കുറുക്കച്ചി ആടുമായി സൗഹൃദം ഭാവിച്ചത് എന്തിന്?

ഉ: കൊന്നു തിന്നുന്നതിനു വേണ്ടിയാണ് കുറുക്കച്ചി ആടുമായി സൗഹൃദം ഭാവിച്ചത്.

2) ആടിനെ പിടിക്കാൻ അവർ കണ്ടെത്തിയ സൂത്രം എന്ത്?

ഉ: കുറുക്കൻ ചത്തത് പോലെ കിടക്കും. അപ്പോൾ തന്റെ ഭർത്താവ് മരിച്ചുപോയി എന്ന് പറഞ്ഞ് ആടിനെ കൂട്ടികൊണ്ടു വരും. എന്നിട്ടു കൊല്ലും. ഇതാണ് അവർ കണ്ടെത്തിയ സൂത്രം.

3) ആട് രണ്ടാമത്തെ തവണ കുറുക്കച്ചിയുടെ അടുത്ത് നിന്ന് രക്ഷപ്പെട്ടതെങ്ങനെ?

ഉ: കൂട്ടുകാരെയും കൂട്ടി വീട്ടിലേയ്ക്കു വരാം. വേട്ടപ്പട്ടികളാണ് കൂട്ടുകാർ എന്ന് പറഞ്ഞ് ഭയപ്പെടുത്തി ആട് രക്ഷപ്പെട്ടു.

4) ഈ കഥയിൽ നിന്ന് പഠിച്ച പാഠം എന്ത്?

ഉ: ശക്തിയേക്കാൾ പ്രധാനമാണ് ബുദ്ധി.